പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1388 03.12.2018 ൽ മറുപടിയ്ക്ക്

സാക്ഷരതാമിഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പി.സി. ജോർജ് | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം പദ്ധതികൾ സാക്ഷരതാമിഷൻ ആവിഷ്ക്കരിച്ച് നടപ്പിലാക്കി; വിശദമാക്കുമോ; | (എ) | പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | സാക്ഷരതാമിഷനിൽ എത്ര ഗവൺമെന്റ് ജീവനക്കാർ ഡെപ്യൂട്ടേഷനിൽ വന്നിട്ടുണ്ട്; തസ്തിക തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഡെപ്യൂട്ടേഷനിൽ നിയമിക്കപ്പെട്ട ഒമ്പത് പേരിൽ 4 പേർ ഇപ്പോഴും തുടരുന്നു.<br>ഡയറക്ടർ : ഡോ.പി.എസ്.ശ്രീകല<br>പ്രോഗ്രാം ഓഫീസർ : ശ്രീമതി.രഞ്ചി.എസ്.എസ്<br>ഫിനാൻസ് ഓഫീസർ : ഡോ.എസ്.ഗോപീകൃഷ്ണ<br>അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ : ശ്രീമതി.ഡാർളി ജോസഫ് |
| (സി) | സാക്ഷരതാമിഷനിൽ എത്ര താത്ക്കാലിക ജീവനക്കാർ ഉണ്ട്; പ്രസ്തുത ജീവനക്കാരുടെ നിയമനം ഏത് രീതിയിൽ ആണ് നടത്തിയതെന്ന് വിശദമാക്കുമോ? | (സി) | സാക്ഷരതാ മിഷനിൽ താല്ക്കാലിക ജീവനക്കാർ ഇല്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമനം. | പദ്ധതികൾ |
|---|---|
| 1 | അക്ഷരലക്ഷം പദ്ധതി |
| 2 | നവചേതന പദ്ധതി |
| 3 | സമഗ്ര പദ്ധതി |
| 4 | വയനാട് പ്രത്യേക ആദിവാസി സാക്ഷരതാ പദ്ധതി |
| 5 | അട്ടപ്പാടി ആദിവാസി സാക്ഷരതാ പദ്ധതി |
| 6 | അക്ഷരശ്രീ സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതി |
| 7 | സമന്വയ ട്രാൻസ്ജെൻഡർ തുടർ വിദ്യാഭ്യാസ പദ്ധതി |
| 8 | അക്ഷരസാഗരം തീരദേശ സാക്ഷരതാ പദ്ധതി |
| 9 | ചങ്ങാതി ഇതര സംസ്ഥാന തൊഴിലാളി സാക്ഷരതാ പദ്ധതി |
| 10 | പരിസ്ഥിതി സാക്ഷരതാ പദ്ധതി |
| 11 | ചരിത്രരേഖാ സർവ്വേ |
| 12 | ഭരണഘടനാ സാക്ഷരതാ ജനകീയ വിദ്യാഭ്യാസ പരിപാടി |
| 13 | സർട്ടിഫിക്കറ്റ് കോഴ്സുകൾ |

സെക്ഷൻ ഓഫീസർ

## 1 അക്ഷരലക്ഷം പദ്ധതി

കേരളത്തിൽ അവശേഷിക്കുന്ന നിരക്ഷരരെ സാക്ഷരരാക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതിയാണ് അക്ഷരലക്ഷം. ഇതിന്റെ ഭാഗമായി 5-8-2018 ൽ 14 ജില്ലകളിലായി നടന്ന പരീക്ഷയിൽ 42933 പേർ വിജയിക്കുകയുണ്ടായി.

## 2 'സമഗ്ര' - പട്ടികവർഗ്ഗ സാക്ഷരതാപരിപാടി

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയും പട്ടിക വർഗ്ഗ വികസന വകുപ്പും ചേർന്ന് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സമഗ്ര. പട്ടികവർഗ്ഗ ഊരുകളിൽ സാക്ഷരതാതുടർവിദ്യാഭ്യാസ പരിപാടി നടത്തുകയാണ് ലക്ഷ്യം. ഇപ്പോൾ 12 ജില്ലകളിലായി 100 ഊരുകളിലാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. 2018 നവംബർ 25 ന് 2296 പേർ പരീക്ഷ എഴുതി.

## 3 'നവചേതന' - പട്ടികജാതി സാക്ഷരതാപരിപാടി

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയും പട്ടിക ജാതി വികസന വകുപ്പും ചേർന്ന് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് നവചേതന. പട്ടികവർഗ്ഗ കോളനികളിൽ സാക്ഷരതാ തുടർവിദ്യാഭ്യാസ പരിപാടി നടത്തിവരുന്നു.14 ജില്ലകളിലായി 100 കോളനികളിലാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. 2018 നവംബർ 2101 പേർ പരീക്ഷ എഴുതി.

## 4 വയനാട് പ്രത്യേക ആദിവാസി സാക്ഷരതാപദ്ധതി

വയനാട് ജില്ലയിലെ ആദിവാസി വിഭാഗങ്ങൾക്കായി പ്രത്യേക സാക്ഷരതാ പദ്ധതി നടപ്പിലാക്കി വരുന്നു. ആദ്യഘട്ടത്തിൽ 282 കോളനിയിൽ നടത്തിയ സാക്ഷരത പരീക്ഷയിൽ 4309 പേർ വിജയിച്ചു. രണ്ടാംഘട്ടത്തിൽ 200 കോളനികളിൽ കൂടി സാക്ഷരതാ പരിപാടി വ്യാപിപ്പിച്ചു. രണ്ടാംഘട്ടത്തിലെ സാക്ഷരതാ തുല്യതാഗുണഭോക്താക്കളെ കണ്ടെത്തുവാനുള്ള സർവ്വെ പൂർത്തിയാക്കി. ക്ലാസുകൾ 2018 ഡിസംബറിൽ ആരംഭിക്കും. രണ്ടാംഘട്ട പദ്ധതി പ്രവർത്തനങ്ങൾക്കായി വയനാട് 682 ഇൻസ്ട്രക്ടർമാരെയാണ് നിയമിച്ചിരിക്കുന്നത്. ഇതിൽ 482 പേരും ആദിവാസികളാണ്.

## 5 അട്ടപ്പാടി ആദിവാസി സാക്ഷരതാപദ്ധതി

അട്ടപ്പാടി ആദിവാസി കോളനികളിൽ നടത്തിവരുന്ന പ്രത്യേക സാക്ഷരത തുല്യതാ പരിപാടിയാണ് ഇത്. അട്ടപ്പാടി ബ്ലോക്കിലെ 3 പഞ്ചായത്തുകളായ അഗളി, ഷോളയൂർ, പുത്തൂർ എന്നിവിടങ്ങളിലാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ആദ്യഘട്ടത്തിൽ 1117 പേരും രണ്ടാംഘട്ട സാക്ഷരതാ പരീക്ഷയിൽ 2553 പേരും വിജയിച്ചു. 783 പേർ നാലാംതരംതുല്യതയിൽ ചേർന്നതിൽ 576 പേർ പരീക്ഷ എഴുതി. അട്ടപ്പാടിയിൽ പ്രത്യേക സാക്ഷരതാ തുല്യതാപദ്ധതിക്കായി 275 ഇൻസ്ട്രക്ടർമാരെയാണ് നിയോഗിച്ചിരിക്കുന്നത്. ഇതിൽ 218 പേർ ആദിവാസികളാണ്. വ്യത്യസ്ത ഗോത്രഭാഷകൾ സംസാരിക്കുന്ന ആദിവാസികൾക്കിടയിൽ നിന്നുതന്നെ ഇൻസ്ട്രക്ടർമാരെ നിയോഗിച്ചാണ് പദ്ധതിയെ ഫലപ്രദമാക്കുന്നത്. ഇൻസ്ട്രക്ടർമാരിൽ ഭൂരിഭാഗവും സ്ത്രീകളാണ്.

## 6 അക്ഷരശ്രീ സാക്ഷരതാ തുടർവിദ്യാഭ്യാസപരിപാടി

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയും തിരുവനന്തപുരം നഗരസഭയും ചേർന്ന് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് അക്ഷരശ്രീ സാക്ഷരതാ തുടർവിദ്യാഭ്യാസപരിപാടി. തിരുവനന്തപുരം നഗരസഭയിലെ നിരക്ഷരരെയും പത്താംതരം വരെ വിദ്യാഭ്യാസ യോഗ്യത നേടാത്തവരെയും കണ്ടെത്തുന്നതിനായി 2018 ജൂലൈ 14-ാം തീയതി ജനകീയ സർവെ നടത്തുകയുണ്ടായി.

## 7 സമന്വയ – ട്രാൻസ്ജൻഡർ തുടർവിദ്യാഭ്യാസപദ്ധതി

ട്രാൻസ്ജൻഡർ വിഭാഗങ്ങൾക്ക് വേണ്ടി സാക്ഷരതാമിഷൻ നടപ്പാക്കി വരുന്ന തുടർവിദ്യാഭ്യാസ പദ്ധതിയാണ് സമന്വയ. ഈ പദ്ധതിയുടെ ഭാഗമായി ട്രാൻസ്ജൻഡർ തുടർവിദ്യാഭ്യാസ സർവെ, ട്രാൻസ്ജൻഡറുകൾക്ക് വേണ്ടിയുള്ള ബോധവൽക്കരണപരിപാടികൾ, പത്താംതരം, ഹയർസെക്കണ്ടറി തുല്യതാ കോഴ്സുകളിൽ സൗജന്യ പഠനം എന്നിവ ഈ പദ്ധതിയുടെ ഭാഗമായി നടപ്പാക്കി വരുന്നു. സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് പത്താംതരം ഹയർസെക്കണ്ടറി തുല്യതാകോഴ്സിൽ പഠിക്കുന്ന ട്രാൻസ്ജൻഡറുകൾക്ക് സ്കോളർഷിപ്പും നൽകിവരുന്നു.

## 8 അക്ഷരസാഗരം – തീരദേശസാക്ഷരതാപരിപാടി

സാക്ഷരതാമിഷനും ഫിഷറീസ് ഡിപ്പാർട്ടുമെന്റും ചേർന്ന് തീരദേശമേഖലയിൽ നടത്തി വരുന്ന സാക്ഷരതാപദ്ധതിയാണ് അക്ഷരസാഗരം. ഈ പദ്ധതിയുടെ ഒന്നാംഘട്ടത്തിന്റെ ഭാഗമായി തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ നടത്തിയ സാക്ഷരത,, നാലാംതരം തുല്യതാ പരീക്ഷ വിജയിച്ചവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**തിരുവനന്തപുരം**

| | | |
|---|---|---|
| സാക്ഷരത നേടിയവർ | – | 1544 പേർ |
| നാലാംതരം | – | 479 പേർ |

**കാസർഗോഡ്** –

| | | |
|---|---|---|
| സാക്ഷരത നേടിയവർ | – | 1306 പേർ |
| നാലാംതരം | – | 358 പേർ |

**മലപ്പുറം**

| | | |
|---|---|---|
| സാക്ഷരത നേടിയവർ | – | 718 പേർ |
| നാലാംതരം | – | 539 പേർ |

**രണ്ടാംഘട്ടം – കോഴിക്കോട്, എറണാകുളം, കൊല്ലം ജില്ലകളിൽ നവംബർ 25 ന് നടന്ന സാക്ഷരതാ പരീക്ഷ എഴുതിയവരുടെ എണ്ണം**

**കോഴിക്കോട്**

സാക്ഷരത നേടിയവർ – 1298 പേർ

**എറണാകുളം**

സാക്ഷരത നേടിയവർ – 765 പേർ

**കൊല്ലം**

സാക്ഷരത നേടിയവർ – 1152 പേർ

## 9 'ചങ്ങാതി' – ഇതരസംസ്ഥാന തൊഴിലാളി സാക്ഷരതാപദ്ധതി

കേരളത്തിൽ താമസിക്കുന്ന ഇതരസംസ്ഥാനതൊഴിലാളികളെ മലയാളത്തിൽ സാക്ഷരരാക്കുന്നതിന് കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടപ്പാക്കിവരുന്ന പദ്ധതിയാണ് 'ചങ്ങാതി'.

**10 'ചങ്ങാതി ' പെരുമ്പാവൂർ മാതൃക പ്രോജക്ട്** – ഈ പദ്ധതിയുടെ പ്രാരംഭഘട്ടമെന്ന നിലയിൽ മാതൃകാപദ്ധതി നടപ്പിലാക്കിയത് ഇതരസംസ്ഥാനതൊഴിലാളികൾ കൂടുതലുള്ള എറണാകുളം ജില്ലയിലെ പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിലാണ്. മുനിസിപ്പൽ വാർഡുതല കമ്മിറ്റി രൂപീകരിച്ച്, കർമ്മപദ്ധതി തയാറാക്കി, ജനകീയ സർവേയിലൂടെ പഠിതാക്കളെ കണ്ടെത്തി, 'ഹമാരി മലയാളം' പാഠപുസ്തകം തയാറാക്കി, ക്ലാസുകൾ എടുക്കുന്നതിന് പെരുമ്പാവൂർ എം.ഇ.എസ് കോളേജിലെ വിദ്യാർത്ഥികളെ ഇൻസ്ട്രക്ടർമാരായി തെരഞ്ഞെടുത്ത് പരിശീലനം കൊടുത്ത് ക്ലാസുകൾ ഒരുക്കി, ക്ലാസുകൾ നടത്തി, 503 പേർ പങ്കെടുത്ത 'പരീക്ഷോത്സവം' എന്ന പേരിൽ പരീക്ഷയും നടത്തി, പദ്ധതിയുടെ പ്രാരംഭഘട്ടമെന്ന നിലയിൽ സംഘടിപ്പിച്ച ഈ പെരുമ്പാവൂർ മാതൃകാപദ്ധതി വിജയകരമായി പൂർത്തിയാക്കി. 469 പേർ പരീക്ഷയിൽ വിജയിച്ചു.

**'ചങ്ങാതി ' രണ്ടാംഘട്ടം** – ചങ്ങാതി രണ്ടാംഘട്ടമെന്ന നിലയിൽ മറ്റു ജില്ലകളിലേക്കും പദ്ധതി പ്രവർത്തനം വ്യാപിപ്പിച്ചു. പതിമൂന്ന് ജില്ലകളിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെ പതിമൂന്ന് ജില്ലകളിലും പെരുമ്പാവൂർ മാതൃകയിൽ പ്രവർത്തനങ്ങൾ നടത്തി വിജയകരമായി പൂർത്തീകരണഘട്ടത്തിലാണ്. സംസ്ഥാനത്തൊട്ടാകെ 2018 നവംബർ 25ന് നടന്ന മികവുത്സവത്തിൽ (പരീക്ഷയിൽ) 2285 പേർ പരീക്ഷ എഴുതി.

## 10 പരിസ്ഥിതി സാക്ഷരതാപദ്ധതി

പൊതുസമൂഹത്തിനിടയിൽ പരിസ്തിഥി അവബോധം സൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തോടെ സാക്ഷരതാ മിഷൻ നടപ്പാക്കിയ പദ്ധതിയാണ് പരിസ്ഥിതി സാക്ഷരതാപദ്ധതി. പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായി പരിസ്ഥിതി സാക്ഷരത സർവ്വെ, ജലസ്രോതസ്സുകളുടെ സ്ഥിതി വിവരപഠനം, പരിസ്ഥിതി സാക്ഷരതാ ക്ലാസുകൾ, ബോധവത്കരണ പരിപാടികൾ എന്നിവ നടന്നു.

## 11 ചരിത്രരേഖ സർവേ

സാക്ഷരതാമിഷനും സംസ്ഥാന ആർക്കൈവ്സ് വകുപ്പും ചേർന്ന് നടത്തിയ പ്രോജക്ടാണ് ചരിത്രരേഖ സർവ്വെ. കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടപ്പാക്കിവരുന്ന വിവിധ പദ്ധതികളെ തുല്യതാ കോഴ്സുകളുടെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തിയാണ് ജനകീയ സർവ്വെ സംഘടിപ്പിച്ചത്.

## 12 ഭരണഘടന സാക്ഷരത ജനകീയ വിദ്യാഭ്യാസപരിപാടി

പൊതുജനങ്ങൾക്കിടയിൽ ഭരണഘടന സംബന്ധിച്ച് അവബോധം സൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തോടെ കേരള നിയമസഭയും സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയും സംയുക്തമായി നടത്തുന്ന നൂതന പദ്ധതിയാണ് ഭരണഘടന സാക്ഷരത ജനകീയ വിദ്യാഭ്യാസ പരിപാടി.

## 13 സർട്ടിഫിക്കറ്റ് കോഴ്സുകൾ

മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ അനായാസം കൈകാര്യം ചെയ്യാൻ പ്രാപ്തമാക്കുന്നതിന് വേണ്ടി നടപ്പാക്കിവരുന്ന കോഴ്സുകളാണ് പച്ചമലയാളം, ഗുഡ് ഇംഗ്ലീഷ്, അച്ഛീ ഹിന്ദി സർട്ടിഫിക്കറ്റ് കോഴ്സുകൾ.

സെക്ഷൻ ഓഫീസർ